**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5177** **21-03-2025 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം, കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ്, മങ്കട, കൂട്ടിലങ്ങാടി, മൂർക്കനാട് എന്നീ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | **കുറുവ, മൂർക്കനാട് ഗ്രാമപഞ്ചായത്ത്** - 2014-15 ൽ കുറുവ, മൂർക്കനാട് പഞ്ചായത്തുകളിൽ സംയുക്തമായി ആരംഭിച്ച കേരഗ്രാമം പദ്ധതിയിൽ ഒന്നാം വർഷം തെങ്ങിന് തടം തുറക്കൽ, കുമ്മായ വിതരണം, ജൈവവള വിതരണം, ഇടവിളക്കൃഷി, പ്രായാധിക്യമുള്ളതും അസുഖം ബാധിച്ചതുമായ തെങ്ങ് മുറിച്ച് മാറ്റൽ, ജലസേചനം മെച്ചപ്പെടുത്തുന്നതിനായി പമ്പ്സെറ്റ് വിതരണം, തെങ്ങു കയറ്റ യന്ത്രം വിതരണം തുടങ്ങിയ പ്രവൃത്തികൾക്കായി കുറുവ ഗ്രാമപഞ്ചായത്തിൽ 86.72012 ലക്ഷം രൂപയുടെയും മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ 117.49491 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ചെയ്തു.<br><br>**അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്** - 2018-19 ൽ ആരംഭിച്ച ഒന്നാം വർഷം കേരഗ്രാമം പദ്ധതിയിൽ തെങ്ങിന് തടം തുറക്കൽ, കുമ്മായ വിതരണം, ജൈവവള വിതരണം, ഇടവിളക്കൃഷി, പ്രായാധിക്യമുള്ളതും അസുഖം ബാധിച്ചതുമായ തെങ്ങ് മുറിച്ച് മാറ്റൽ, ജലസേചനം മെച്ചപ്പെടുത്തുന്നതിനായി പമ്പ്സെറ്റ് വിതരണം, തെങ്ങു കയറ്റ യന്ത്രം വിതരണം തുടങ്ങിയ പ്രവൃത്തികൾക്കായി 47.02 ലക്ഷം രൂപയുടെയും രണ്ടാം വർഷം സംയോജിത വളപ്രയോഗത്തിനായി 19.70 ലക്ഷം രൂപയുടെയും മൂന്നാം വർഷം സംയോജിത വളപ്രയോഗത്തിനായി 6.25 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ചെയ്തു.<br><br>**മങ്കട ഗ്രാമപഞ്ചായത്ത്** - 2019-20 ൽ ആരംഭിച്ച കേരഗ്രാമം പദ്ധതിയിൻ കീഴിൽ തെങ്ങിന് തടം തുറക്കൽ, കുമ്മായ വിതരണം, ജൈവവള |

| | | | |
|---|---|---|---|
| | | | വിതരണം,ഇടവിളക്കൃഷി, പ്രയാധിക്യമുള്ളതും അസുഖം ബാധിച്ചതുമായ തെങ്ങ് മുറിച്ച് മാറ്റൽ, ജലസേചനം മെച്ചപ്പെടുത്തുന്നതിനായി പമ്പ്സെറ്റ് വിതരണം, തെങ്ങു കയറ്റ യന്ത്രം വിതരണം തുടങ്ങിയ പ്രവൃത്തികൾക്കായി 50.17 ലക്ഷം രൂപയുടെയും രണ്ടാം വർഷം സംയോജിത വളപ്രയോഗത്തിനായി 19.73727 ലക്ഷം രൂപയുടെയും മൂന്നാം വർഷം സംയോജിത വളപ്രയോഗത്തിനായി 6.25 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ചെയ്തു.<br><br>**<u>മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്</u>** - 2022-23 ഒന്നാം വർഷം കേരഗ്രാമം പദ്ധതിയിൻ കീഴിൽ തെങ്ങിന് തടം തുറക്കൽ, കുമ്മായ വിതരണം, ജൈവവള വിതരണം, ഇടവിളക്കൃഷി, പ്രയാധിക്യമുള്ളതും അസുഖം ബാധിച്ചതുമായ തെങ്ങ് മുറിച്ച് മാറ്റൽ, ജലസേചനം മെച്ചപ്പെടുത്തുന്നതിനായി പമ്പ്സെറ്റ് വിതരണം, തെങ്ങു കയറ്റ മെഷീൻ വിതരണം തുടങ്ങിയ പ്രവൃത്തികൾക്കായി 25.67 ലക്ഷം രൂപയുടെയും രണ്ടാം വർഷം ജൈവവള വിതരണത്തിനായി 8.00 ലക്ഷം രൂപയുടെയും മൂന്നാം വർഷം രാസവളം, കുമ്മായം, സൂക്ഷ്മ മൂലകങ്ങൾ എന്നിവക്കായി 4.00 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ചെയ്തു.<br><br>**<u>കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്</u>** - 2023-24 ഒന്നാം വർഷം കേരഗ്രാമം പദ്ധതിയിൻ കീഴിൽ തെങ്ങിന് തടം തുറക്കൽ, കുമ്മായ വിതരണം, ജൈവവള വിതരണം, ഇടവിളക്കൃഷി, പ്രയാധിക്യമുള്ളതും അസുഖം ബാധിച്ചതുമായ തെങ്ങ് മുറിച്ച് മാറ്റൽ, ജലസേചനം മെച്ചപ്പെടുത്തുന്നതിനായി പമ്പ്സെറ്റ് വിതരണം, തെങ്ങു കയറ്റ യന്ത്രം വിതരണം തുടങ്ങിയ പ്രവൃത്തികൾക്കായി 23.66988 ലക്ഷം രൂപയുടെയും രണ്ടാം വർഷം ജൈവവള വിതരണത്തിനായി 4.375 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ചെയ്തു.<br><br>**<u>പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്</u>** - 2024-25 വർഷത്തിൽ ഒന്നാം വർഷ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (സി) | മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | മങ്കട മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി മുഖേന മണ്ഡലത്തിൽ നാളികേര കൃഷിയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ? | (ഡി) | കേരഗ്രാമം പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി കർഷകർക്ക് ശാസ്ത്രീയ കൃഷി രീതികളെ കുറിച്ചുള്ള അവബോധവും അവ നടപ്പിലാക്കുന്നതിലൂടെ തെങ്ങിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാമെന്നും ബോധ്യപ്പെട്ടു. ജൈവവളം, |

| | | | |
|---|---|---|---|
| | | | രാസവളം, സൂക്ഷ്മമൂലകങ്ങൾ എന്നിവ നൽകിയതിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുവാൻ സാധിച്ചു. തെങ്ങിന്റെ മണ്ട വൃത്തിയാക്കി ജൈവീക നിയന്ത്രണ മാർഗ്ഗങ്ങൾ നൽകി രോഗകീടങ്ങളെ നിയന്ത്രിക്കുവാൻ സാധിച്ചു. തെങ്ങിൻ തോപ്പുകളിൽ ഇടവിളകൃഷി നടപ്പിലാക്കുന്നത് വഴി കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിലൂടെ തെങ്ങിന്റെ ഉത്‌പാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണത്തിലൂടെ തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം പരിഹരികരിക്കുവാനും സാധിച്ചു. ഇത്തരം ഇടപെടലുകളിലൂടെ കർഷകരുടെ വരുമാനം വർദ്ധിക്കുകയും ഉത്‌പാദനവും ഉത്‌പാദനക്ഷമതയും വർദ്ധിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ